**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 683** **30-01-2024 - ൽ മറുപടിയ്ക്ക്**

**ബീഡി തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ ബീഡി വ്യവസായത്തെ ആശ്രയിച്ച് തൊഴിൽ ചെയ്യുന്ന ബീഡി തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ? | (എ) | ബീഡി തൊഴിലാളികളുടെ ക്ഷേമം കണക്കിലെടുത്ത് 2017-18 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ക്ഷേമനിധി ബോർഡിന് 20 കോടി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ബീഡി വ്യവസായത്തെ ആശ്രയിച്ച് തൊഴിൽ ചെയ്യുന്ന ബീഡി തൊഴിലാളികൾക്ക് താഴെപ്പറയുന്ന 12 ഇന തൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തി.<br><br>(പദ്ധതികൾ - മുട്ടക്കോഴി, കാടക്കോഴി, തയ്യൽ യൂണിറ്റ്, മിനി ഗോട്ട് ഫാം, ബ്യൂട്ടി പാർലർ, ട്രൈസൈക്കിൾ, വെൽഡിംഗ് യൂണിറ്റ്, ഫാൻസി ഷോപ്പ്, മൊബൈൽ ഫോൺ ആക്സസറീസ് & റീചാർജിംഗ്, മിനി ഡയറി ഫാം, മൊബൈൽ ടീ ഷോപ്പ്, ഹൗസ് ഹോൾഡ് ഫുഡ് പ്രോസസിംഗ് യൂണിറ്റ്) എന്നിവയാണ് അവ.<br><br>എല്ലാ വർഷവും സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരം (ഇൻകം സപ്പോർട്ട് സ്കീം) സർക്കാരിൽ നിന്ന് ഫണ്ട് നൽകുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക അയയ്ക്കുന്നു. |

സെക്ഷൻ ഓഫീസർ